പന്ത്രണ്ടാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2006-2008)

## മൂന്നാമത് റിപ്പോർട്ട്

(2007 ജൂലൈ 19-ാം തീയതി സമർപ്പിച്ചത്)

[പത്താം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (1996-1998) പ്ലാന്റേഷൻ ലേബർ റൂൾസ് നടപ്പാക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച നാലാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2007

പന്ത്രണ്ടാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2006–2008)

## മൂന്നാമത് റിപ്പോർട്ട്

(2007 ജൂലൈ 19-ാം തീയതി സമർപ്പിച്ചത്)

[പത്താം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (1996-1998) പ്ലാന്റേഷൻ ലേബർ റൂൾസ് നടപ്പാക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച നാലാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

311/2008.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| അദ്ധ്യായം I | .. | 1 |
| അദ്ധ്യായം II സമിതിയുടെ ശുപാർശകളിൻമേൽ സർക്കാർ സമർപ്പിച്ച മറുപടികളിൽ സമിതിയുടെ അംഗീകാരം ലഭിച്ച മറുപടികൾ | | |
| അദ്ധ്യായം III സമിതിയുടെ ശുപാർശകളിൻമേൽ സമിതി ആദ്യഘട്ടത്തിൽ പൂർണ്ണമായും അംഗീ കരിക്കാത്ത മറുപടികൾ, അവയിന്മേൽ സമിതി ആവശ്യപ്പെട്ട അധികവിവരങ്ങളും അതിനു ലഭ്യമായ മറുപടികളും | .. | 9 |
| അദ്ധ്യായം IV സമിതിയുടെ പൊതുനിർദ്ദേശങ്ങളും നിഗമനങ്ങളും | .. | 17 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2006-2008)

## ഘടന

<u>ചെയർമാൻ</u> :

ശ്രീ. ജോസ് തെറ്റയിൽ

<u>അംഗങ്ങൾ</u> :

ശ്രീ. പി. കൃഷ്ണപ്രസാദ്

,, മുരളി പെരുനെല്ലി

,, വി. ശശികുമാർ

,, സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

,, കെ. ശിവദാസൻ നായർ

,, പി. തിലോത്തമൻ

,, തോമസ് ഉണ്ണിയാടൻ

,, എം. ഉമ്മർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി ആർ. പ്രസന്നകുമാരി, ജോയിന്റ് സെക്രട്ടറി
ശ്രീ എം പി സെയ്യിദ് അബ്ദുൾ ഖാദർ , ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി പി. ജയലക്ഷ്മി, അണ്ടർ സെക്രട്ടറി

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2006-2008) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പത്താം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (1996-1998) യുടെ നാലാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള ഒരു ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (1996-1998) യുടെ നാലാമത് റിപ്പോർട്ട് 1997 ഡിസംബർ 22-ാം തീയതിയാണ് നിയമസഭയിൽ സമർപ്പിച്ചത്. റിപ്പോർട്ടിലെ ശുപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാരിന്റെ മറുപടി സമിതി വിവിധ യോഗങ്ങളിലായി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2007 ഫെബ്രുവരി 13-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ജോസ് തെറ്റയിൽ,

ചെയർമാൻ,

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,

2007 ജൂലൈ 19.

**പത്താം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (1996-98) പ്ലാന്റേഷൻ ലേബർ റൂൾസ് നടപ്പാക്കുന്നതു സംബന്ധിച്ചു സമർപ്പിച്ച നാലാമതു റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ**

# റിപ്പോർട്ട്

## അദ്ധ്യായം I

പത്താം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ നാലാമതു റിപ്പോർട്ട് 1997 ഡിസംബർ മാസം 22-ാം തീയതിയാണ് സഭയിൽ സമർപ്പിക്കപ്പെട്ടത്. 1951-ൽ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ പ്ലാന്റേഷൻ ലേബർ ആക്ടിന് അനുസൃതമായി 1959-ൽ കേരള സർക്കാർ നടപ്പിലാക്കിയ കേരള പ്ലാന്റേഷൻ ലേബർ റൂൾസിലെ വിവിധ വ്യവസ്ഥകളെ സംബന്ധിച്ചുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങുന്നതാണ് പ്രസ്തുത റിപ്പോർട്ട്. ഈ റിപ്പോർട്ടിലെ എല്ലാ ശുപാർശകളിന്മേലും സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള വിശദമായ മറുപടി സമിതിക്കു ലഭിക്കുകയുണ്ടായി.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി സമിതി വിശദമായി പരിഗണിക്കുകയും, ഏതാനും ശുപാർശകൾക്കു ലഭിച്ച മറുപടി സമിതി ആദ്യഘട്ടത്തിൽ തന്നെ അംഗീകരിക്കുകയും ചെയ്തു. അവ ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. സമിതി ആദ്യഘട്ടത്തിൽ പൂർണ്ണമായും അംഗീകരിക്കാത്ത മറുപടികൾ, അവയിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ, അതിനു ലഭ്യമായ മറുപടികൾ എന്നിവ ഈ റിപ്പോർട്ടിന്റെ മൂന്നാം അദ്ധ്യായത്തിലും ഉൾക്കൊള്ളിച്ചിരിക്കുന്നു. റിപ്പോർട്ടിന്റെ നാലാം അദ്ധ്യായത്തിൽ സമിതി (2006-08) യുടെ പൊതുനിർദ്ദേശങ്ങളും നിഗമനങ്ങളും ഉൾക്കൊളളിച്ചിരിക്കുന്നു.

## അദ്ധ്യായം II

ശുപാർശകളിന്മേൽ ലഭിച്ച സർക്കാർ മറുപടികളിൽ സമിതി അംഗീകരിച്ച മറുപടികളും അവ സംബന്ധിച്ച ശുപാർശകളും

### ശുപാർശ നമ്പർ 5

കശുമാവു തോട്ടങ്ങളിലെ തൊഴിലാളികൾക്കുകൂടി പ്ലാന്റേഷൻ നിയമം ബാധകമാക്കത്തക്കവിധം പ്ലാന്റേഷൻ നിയമത്തിലെ തോട്ടത്തിന്റെ നിർവ്വചനത്തിൽ കശുമാവുതോട്ടങ്ങൾ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സർക്കാർ മറുപടി

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്തുപ്രകാരം ലഭിച്ചത്)

തോട്ടം തൊഴിലാളി നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതു സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(27-8-2002-ലെ സമിതി യോഗം സർക്കാരിൽ നിന്നും ലഭിച്ച മറുപടി അംഗീകരിച്ചു.)

## ശുപാർശ നമ്പർ 6

തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകുന്നതിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടി, തോട്ടങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ മനഃപൂർവ്വം വീഴ്ച വരുത്തുന്ന തോട്ടമുടമകൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാറുണ്ടെങ്കിലും ശിക്ഷ വളരെ കുറഞ്ഞതാകയാൽ തോട്ടമുടമകൾ അത് ഗൗരവത്തോടെ കാണുന്നില്ലെന്ന് സമിതിയിൽ വ്യക്തമാക്കപ്പെട്ടു. പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യാത്ത നിരവധി തോട്ടങ്ങൾ കാസർഗോഡ്, ഇടുക്കി തുടങ്ങിയ ജില്ലകളിൽ ഉണ്ട്.

## സർക്കാർ മറുപടി

തോട്ടം തൊഴിലാളി നിയമത്തിന്റെ കീഴിൽ വരുന്ന മിക്കവാറും എല്ലാ തോട്ടങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്യാത്ത തോട്ടങ്ങളുടെ തൊഴിലുടമകൾക്കെതിരെ നിയമ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും തോട്ടം വിട്ടു പോയിട്ടുണ്ടെങ്കിൽ തുടർന്നുള്ള പരിശോധനകളിൽ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതാണ്.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്.)

(27-8-2002-ലെ സമിതിയോഗം സർക്കാർ മറുപടി അംഗീകരിച്ചു.)

## ശുപാർശ നമ്പർ 7

ഇൻഡ്യയിലെ ആകെ കൃഷി ചെയ്യപ്പെട്ടിട്ടുള്ള തോട്ടങ്ങളിൽ 40 ശതമാനത്തോളം കേരളത്തിലായിട്ടും തോട്ടം തൊഴിലാളികൾക്ക് അവരുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് സമിതി ഗൗരവത്തോടെ വീക്ഷിക്കുകയും തോട്ടങ്ങളുടെ രജിസ്ട്രേഷൻ ശരിയാംവണ്ണം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

## സർക്കാർ മറുപടി

നടപടി സ്വീകരിച്ചിട്ടുണ്ട്.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(27-8-2002-ലെ സമിതിയോഗം സർക്കാർ മറുപടി അംഗീകരിച്ചു.)

## ശുപാർശ നമ്പർ 8

നിയമം ലംഘിക്കുന്ന തോട്ടമുടമകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കണമെന്നും പിഴശിക്ഷ വർദ്ധിപ്പിക്കുവാനും അതോടൊപ്പം തടവുശിക്ഷ കൂടി ഏർപ്പെടുത്തുവാനും നിയമത്തിൽ വ്യവസ്ഥ ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി

നിയമഭേദഗതിക്ക് നടപടി സ്വീകരിച്ചുവരുന്നു.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(27-8-2002-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.)

## ശുപാർശ നമ്പർ 9

പുനലൂർ ആസ്ഥാനമായി ഒരു പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ ഓഫീസ് സ്ഥാപിക്കണമെന്നും കൊല്ലം ജില്ലയിലെ തോട്ടങ്ങൾ ആ ഓഫീസിന്റെ പരിധിയിൽ കൊണ്ടുവരണമെന്നും സമിതി ശുപാർശ ചെയ്യുന്നു. അതുപോലെതന്നെ പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകൾ വളരെ ദൂരെ മാത്രമുള്ള മറ്റു പ്ലാന്റേഷൻ മേഖലകളെപ്പറ്റിയും ശാസ്ത്രീയമായ ഒരു പഠനം നടത്തി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി

ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചു വരുന്നു

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(27-8-2002-ലെ സമിതിയോഗം സർക്കാർ മറുപടി അംഗീകരിച്ചു)

## ശുപാർശ നമ്പർ 10

തോട്ടങ്ങളുടെ ഇൻസ്പെക്ഷൻ കൃത്യമായി നടത്താൻ ഉതകത്തക്കവണ്ണം എല്ലാ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർക്കും വാഹന സൗകര്യം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി

നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(27-8-2002-ലെ സമിതിയോഗം സർക്കാർ മറുപടി അംഗീകരിച്ചു.)

## ശുപാർശ നമ്പർ 11

ടാങ്കുകളിൽ ശേഖരിക്കുന്ന ജലം ശരിയായ രീതിയിൽ ശുദ്ധീകരിച്ചിട്ടുണ്ടോ എന്നും പാടികളിലേയ്ക്ക് ജലവിതരണത്തിന് സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ ഗുണമേൻമയുള്ളതും ലീക്ക് ചെയ്യാത്തതുമാണോ എന്നും കൃത്യമായും ഇടയ്ക്കിടെയും പരിശോധിക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും, ശുദ്ധജലം ലഭ്യമാകുന്നു എന്നു ഉറപ്പു വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി

കുടിക്കുവാൻ യോഗ്യമാണെന്ന് സർക്കാർ അനലറ്റിക്കൽ ലാബിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതും പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ അംഗീകരിച്ചിട്ടുള്ളതുമായ സ്രോതസ്സിൽ നിന്നുള്ള ജലം മാത്രമേ കുടിക്കുവാൻ കൊടുക്കാവൂ

എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം അംഗീകരിച്ച സ്രോതസ്സിൽ നിന്നുള്ള ജലം ആവശ്യമായ ട്രീറ്റുമെന്റുകൾ നടത്തുന്നുണ്ടെന്നും കുടിക്കുവാൻ യോഗ്യമാണെന്നും ആറുമാസത്തിലൊരിക്കൽ പൊതുജന ആരോഗ്യ വകുപ്പിൽ നിന്നും ഓരോ സ്രോതസ്സും പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. ഈ നിബന്ധനകൾ എല്ലാം പാലിച്ചശേഷമേ ഇപ്രകാരമുള്ള സ്രോതസ്സുകളിൽ നിന്നും വെള്ളം കുടിക്കുവാൻ ലഭ്യമാക്കുന്നുള്ളൂ. ഇതല്ലാതെ കുടിവെള്ളം മറ്റനധികൃത സ്രോതസ്സിൽ നിന്നും വിതരണം ചെയ്യുന്നില്ലെന്ന് ഇൻസ്പെക്ടർമാർ പരിശോധനാ സമയത്ത് ഉറപ്പുവരുത്തുന്നുണ്ട്. ശ്രദ്ധയിൽ വരുന്ന ന്യൂനതകൾ യഥാസമയം പരിശോധിക്കുവാൻ വേണ്ട നിർദ്ദേശം പരിശോധനയ്ക്കുശേഷം നൽകുന്നുണ്ട്.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്.)

(27-8-2002-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു)

## ശുപാർശ നമ്പർ 12

തോട്ടങ്ങളിൽ ഉപയോഗിക്കുന്ന കള-കീടനാശിനികൾ തൊഴിലാളികളുടെ ആരോഗ്യത്തിന് ഹാനികരമാകാത്തതും അന്തരീക്ഷത്തേയും ജലത്തേയും കഴിയുന്നതും മലിനമാക്കാത്തതും ആയിരിക്കണമെന്നും വിഷത്തിന്റെ തോത് നിർണ്ണയിക്കുന്നതിന് കെമിസ്റ്റിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി

ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(27-8-2002-ലെ സമിതിയോഗം സർക്കാർ മറുപടി അംഗീകരിച്ചു.)

## ശുപാർശ നമ്പർ 16

കാലപ്പഴക്കം ചെന്ന വീടുകൾക്കു പകരം പുതിയ വീടുകൾ പണിതു നൽകാൻ തോട്ടം ഉടമകൾ തയ്യാറാകുന്നില്ല എങ്കിൽ അങ്ങനെയുള്ള തോട്ടങ്ങളിൽ നിർമ്മിതി കേന്ദ്രം, ഹൗസിംഗ് ബോർഡ് തുടങ്ങിയ ഗവൺമെന്റ് ഏജൻസികൾ വഴി വീടുകൾ പണിയുകയും അതിനു ചെലവാകുന്ന തുക തോട്ടം ഉടമകളിൽ നിന്ന് ഈടാക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി

ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്.)

(27-8-2002-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു)

ശുപാർശ നമ്പർ 22

മെഡിക്കൽ ആനുകൂല്യങ്ങൾക്കുള്ള പ്രതിമാസ ശമ്പളപരിധി 3000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്.)

(27-8-2002-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു)

ശുപാർശ നമ്പർ 23

പെൻഷൻ പറ്റിയ എല്ലാ തൊഴിലാളികൾക്കും മെഡിക്കൽ ആനുകൂല്യം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ഇത് തോട്ടം തൊഴിലാളി നിയമത്തിന്റെ കീഴിൽ വരുന്ന കാര്യമല്ലാത്തതുകൊണ്ട് നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്.)

(27-8-2002-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു)

ശുപാർശ നമ്പർ 24

സ്ത്രീ തൊഴിലാളികളോട് കാണിക്കേണ്ടുന്ന സാമാന്യ നീതി എന്ന നിലയിൽ പുരുഷ തൊഴിലാളികളോടൊപ്പം സ്ത്രീ തൊഴിലാളികളുടേയും ആശ്രിതർക്ക് മെഡിക്കൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുദ്ദേശിച്ചുകൊണ്ടുള്ള ബിൽ എത്രയും പെട്ടെന്ന് നിയമമാക്കി നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്.)

(27-8-2002-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു)

ശുപാർശ നമ്പർ 25

ഗാർഡൻ ഹോസ്പിറ്റലുകളിലും ഗ്രൂപ്പ് ഹോസ്പിറ്റലുകളിലും എല്ലാ വിഭാഗങ്ങളിലുമുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ സ്ഥിരമായി നിയമിക്കുന്നത് ബുദ്ധിമുട്ടാവുമെങ്കിൽ സ്ത്രീ തൊഴിലാളികൾ കൂടുതലുള്ള തോട്ടങ്ങളിലെങ്കിലും ഒരു ഗൈനക്കോളജിസ്റ്റിന്റെയും ശിശുരോഗ വിദഗ്ധന്റേയും സേവനം ആഴ്ചയിലൊരിക്ക

ലെങ്കിലും ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അത്യാവശ്യ മരുന്നുകൾ സൂക്ഷിക്കുന്നതിന് റെഫ്രിജറേറ്റർ പോലെയുള്ള ഉപകരണങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്.)

(27-8-2002-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു)

ശുപാർശ നമ്പർ 26

പ്ലാന്റേഷനുകൾ കൂടുതലുള്ള പ്രദേശങ്ങളിൽ ചെറുകിട വൻകിട തോട്ടമുടമകൾ യോജിച്ച് തൊഴിലാളികളുടേയും ഗവൺമെന്റിന്റേയും സഹകരണത്തോടുകൂടി എല്ലാ സജ്ജീകരണങ്ങളോടും കൂടിയ ആശുപത്രികൾ പണി കഴിപ്പിക്കുകയാണെങ്കിൽ ആ മേഖലയിലെ മൊത്തം തൊഴിലാളികൾക്കും അത് പ്രയോജനപ്രദമാകുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. തൊഴിലാളികളുടെ എണ്ണമനുസരിച്ച് ഉടമകളുടെ പക്കൽ നിന്നും വിഹിതം ഈടാക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ മറുപടി

ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്.)

(27-8-2002-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു)

ശുപാർശ നമ്പർ 27

ചെറുകിട തോട്ടമുടമകൾക്ക് സ്വന്തമായി ആംബുലൻസ് ഏർപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ ഒരു മേഖലയിലുള്ള തോട്ടങ്ങൾ യോജിച്ച് അതിനുള്ള സംവിധാനമുണ്ടാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ മറുപടി

ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്.)

(27-8-2002-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു)

ശുപാർശ നമ്പർ 28

ഇപ്പോൾ അലോപ്പതി ചികിത്സ മാത്രമാണ് മെഡിക്കൽ ആനുകൂല്യങ്ങളുടെ പരിധിയിൽ വരുന്നത്. ആയുർവേദം, ഹോമിയോപ്പതി ചികിത്സകൾക്കും മെഡിക്കൽ റീഇംപേഴ്സ്മെന്റ് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ശുപാർശയിന്മേൽ മറുപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(27-8-2002-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു).

ശുപാർശ നമ്പർ 29

ആസ്ത്മായും അതുപോലെ താമസസ്ഥലത്തിന്റെയും ജോലിയുടെയും പ്രത്യേകത മൂലമുണ്ടാകുന്ന അസുഖങ്ങളേയും 'ഓക്കുപ്പേഷണൽ ഡിസീസ്' ആയി പ്രഖ്യാപിക്കണമെന്നും ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. എണ്ണപ്പന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് തോട്ടങ്ങളുടെ അതിർത്തിയിൽ നിന്ന് രണ്ട് കിലോ മീറ്റർ എങ്കിലും അകലെ താമസസൗകര്യം ഏർപ്പെടുത്തുകയും ആവശ്യമെങ്കിൽ വാഹനസൗകര്യം ലഭ്യമാക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ശുപാർശയിന്മേൽ മറുപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(27-8-2002-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു).

ശുപാർശ നമ്പർ 30

തോട്ടങ്ങളിൽ തന്നെ സ്ക്കൂൾ ഇല്ലാത്ത സ്ഥലങ്ങളിൽ വിദ്യാർത്ഥികൾക്ക് സ്ക്കൂളിലെത്തുന്നതിന് ഗതാഗത സൗകര്യം ഏർപ്പെടുത്തുവാൻ മാനേജുമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ ബിരുദ/ബിരുദാനന്തര പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ അലവൻസ്, വിദ്യാഭ്യാസ ലോൺ എന്നിവ ലഭ്യമാക്കുന്നതിന് നടപടി ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ശുപാർശ നടപ്പിലാക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(27-8-2002-ലെ സമിതിയോഗം സർക്കാർ മറുപടി അംഗീകരിച്ചു).

ശുപാർശ നമ്പർ 31

ഓരോ മേഖലയിലുമുള്ള തോട്ടങ്ങൾക്ക് അതാത് പ്ലാന്റേഷൻ ഇൻസ്പെക്ടർമാരുടെ അദ്ധ്യക്ഷതയിൽ തൊഴിലാളികൾക്കും മാനേജുമെന്റിനും പ്രാതിനിധ്യമുള്ള പ്രാദേശിക സമിതികൾ രൂപീകരിക്കുകയാണെങ്കിൽ പ്രസ്തുത സമിതികൾക്ക് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് സാധിക്കുമെന്ന് സമിതി കരുതുന്നു.

സർക്കാർ മറുപടി

ശുപാർശയിന്മേൽ  നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്.  ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(27-8-2002-ലെ സമിതിയോഗം സർക്കാർ മറുപടി അംഗീകരിച്ചു).

ശുപാർശ നമ്പർ 32

നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന തോട്ടം ഉടമകൾക്കെതിരെ നേരിട്ട് കേസ് കൊടുക്കുവാൻ തൊഴിലാളികൾക്ക് സാധ്യമല്ലാത്ത സാഹചര്യത്തിൽ നേരിട്ട് കോടതിയിൽ പോകുവാനുള്ള അവകാശം തൊഴിലാളികൾക്ക് ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്.  ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(27-8-2002-ലെ സമിതിയോഗം സർക്കാർ മറുപടി അംഗീകരിച്ചു).

ശുപാർശ നമ്പർ 33

സ്ഥിരം തൊഴിലാളികളും താല്ക്കാലിക തൊഴിലാളികളും തമ്മിലുള്ള അനുപാതം നിശ്ചയിക്കണമെന്നും സ്ഥിരം തൊഴിലാളികൾ പെൻഷനാകുന്ന മുറയ്ക്ക് താല്ക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്നും കരാർ വ്യവസ്ഥയിൽ തൊഴിലാളികളെ ഏർപ്പാടു ചെയ്യുന്ന സമ്പ്രദായം നിർത്തലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

നിയമ വ്യവസ്ഥയില്ലാത്തതിനാൽ അനുപാതം നിശ്ചയിക്കുവാൻ സാധിക്കുകയില്ല.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(27-8-2002-ലെ സമിതിയോഗം സർക്കാർ മറുപടി അംഗീകരിച്ചു).

ശുപാർശ നമ്പർ 36

കളകൾ നശിപ്പിക്കുന്നതിനും കീടങ്ങൾക്കെതിരെയും വിഷാംശം കലർന്ന രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്ക് കൈയുറകളും മാസ്ക്കുകളും നല്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

നിലവിൽ ഈ സൗകര്യം ചെയ്തു കൊടുക്കുന്നുണ്ട്.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(27-8-2002-ലെ സമിതിയോഗം സർക്കാർ മറുപടി അംഗീകരിച്ചു).

ശുപാർശ നമ്പർ 37

പ്ലാന്റേഷൻ ലേബർ കമ്മിറ്റി പോലെയുള്ള സമിതികളിൽ അർഹമായ പ്രാതിനിധ്യം ചെറുകിട തോട്ടമുടമകൾക്കും ഉറപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(27-8-2002-ലെ സമിതിയോഗം സർക്കാർ മറുപടി അംഗീകരിച്ചു).

## അദ്ധ്യായം III

ശുപാർശകളിന്മേൽ ലഭിച്ച സർക്കാർ മറുപടികളിൽ സമിതി അംഗീകരിക്കാത്ത മറുപടികളും തുടർന്ന് സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളും അവയ്ക്കു ലഭിച്ച മറുപടികളും.

ശുപാർശ നമ്പർ 4

തൊഴിലാളികളെ അവരുടെ അവകാശങ്ങൾ സംബന്ധിച്ച് ബോധവാന്മാരാക്കുവാൻ വേണ്ടി മലയാളത്തിൽ പരിഭാഷപ്പെടുത്തിയ ചട്ടങ്ങൾ 3 മാസത്തിനുള്ളിൽ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണമെന്ന് സമിതി വീണ്ടും ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 9/2001/ഉഭപവ. തീയതി, 23-8-2001-ലെ നിർദ്ദേശ പ്രകാരം ഈ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന വിവിധ ചട്ടങ്ങൾ (1959-ലെ കേരളാ തോട്ടം തൊഴിലാളി ചട്ടങ്ങൾ ഉൾപ്പെടെ) മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

സമിതി ആവശ്യപ്പെട്ട അധിക വിവരം

ഈ ഖണ്ഡിക പ്രകാരം തോട്ടം തൊഴിലാളികളെ സംബന്ധിക്കുന്ന 'കേരള പ്ലാന്റേഷൻ ലേബർ റൂൾസ്' മലയാളത്തിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കാൻ ശുപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശ ഗവൺമെന്റ് അംഗീകരിക്കുകയും മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന ചട്ടങ്ങൾ ലഭ്യമാക്കാമെന്നും അറിയിച്ചിരുന്നു. ആയത് ഇതുവരെയും ലഭ്യമായിട്ടില്ല. അത് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

ചട്ടങ്ങളുടെ പരിഭാഷ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ഔ:ഭാ:) വകുപ്പ് സൂക്ഷ്മ പരിശോധന നടത്തി വരികയാണ്. ആയതു ലഭിച്ചാലുടൻ പ്രസിദ്ധീകരിച്ച് പകർപ്പ് ലഭ്യമാക്കുന്നതാണ്.

(19-12-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(21-12-2002-ലെ സമിതിയോഗം സർക്കാർ മറുപടി അംഗീകരിച്ചു).

ശുപാർശ നമ്പർ 13

ചില തോട്ടങ്ങളിൽ തൊഴിലാളികൾക്ക് രണ്ടു നേരം ചൂടുള്ള പാനീയം വിതരണം ചെയ്യുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ തോട്ടങ്ങളിലും ഇതിനുള്ള സൗകര്യം ഏർപ്പെടുത്തിയാൽ തൊഴിലാളികൾക്ക് കൂടുതൽ ഊർജ്ജ സ്വലതയോടുകൂടി ജോലി ചെയ്യുവാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ മറുപടി

വിഷയം പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ പരിഗണനയിൽ വച്ചതിൻപ്രകാരം എല്ലാ തേയില തോട്ടങ്ങളിലും തൊഴിലാളികൾക്ക് രണ്ടു നേരം ചൂട് ചായ നൽകുവാൻ തീരുമാനം എടുത്ത് നടപ്പിലാക്കി വരുന്നുണ്ട്.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ

സമിതിയുടെ ശുപാർശ പ്രകാരം തോട്ടം തൊഴിലാളികൾക്ക് രണ്ടു നേരം ചൂടുവെള്ളം തന്നെ നൽകുന്നുണ്ടോ എന്ന് ആരായുവാൻ നിർദ്ദേശിച്ചു.

സർക്കാർ മറുപടി

എല്ലാ തോട്ടങ്ങളിലും രണ്ടുനേരം ചൂടുവെള്ളം നൽകുന്നില്ലായിരുന്നു. ആയതിനാൽ രണ്ടുനേരം ചൂടുവെള്ളം നൽകാനുള്ള നടപടികൾ കർശനമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ കാര്യങ്ങൾ തോട്ടമുടമകൾ പാലിക്കുന്നു എന്നത് ഉറപ്പുവരുത്തുവാൻ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാന്റേഷൻ ഇൻസ്പെക്ടർമാരുടെ, 30-3-2005-ൽ കൂടിയ ഒരു യോഗത്തിൽ ഈ വിഷയം ചർച്ച നടത്തുകയും തൊഴിലാളികൾക്ക് 2 നേരം ചൂടുവെള്ളം നൽകുവാൻ തോട്ടമുടമകൾക്ക് നിർദ്ദേശം നൽകുന്നതിനും അപ്രകാരം ചൂടുവെള്ളം നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും പ്ലാന്റേഷൻ ഇൻസ്പെക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് കാലാകാലങ്ങളിൽ റിപ്പോർട്ട് നൽകുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.

(19-12-2005-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(21-12-2005-ൽ നടന്ന യോഗത്തിൽ ഗവൺമെന്റ് മറുപടി സമിതി അംഗീകരിച്ചു).

ശുപാർശ നമ്പർ 15

കാറ്റും വെളിച്ചവും കടക്കുന്നതും രണ്ടു മുറികളോടു കൂടിയതും, കക്കൂസ്, കുളിമുറി സൗകര്യങ്ങളോടുകൂടിയതുമായ വീടുകൾ പണിതു നൽകാൻ എസ്റ്റേറ്റ് ഉടമകളെ നിർബന്ധിക്കണമെന്നും ഗവൺമെന്റ് ഉടമയിലുള്ള തോട്ടങ്ങളിൽ ഈ സൗകര്യങ്ങളോടുകൂടിയ വീടുകൾ അടിയന്തിരമായി പണിതു നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

എല്ലാ തോട്ടങ്ങൾക്കും ബാധകമായ അവസാനം അംഗീകരിച്ച കെട്ടിടങ്ങളുടെ പ്ലാൻ പ്രകാരം 2 മുറിയുള്ളതും അറ്റാച്ച്ഡ് കക്കൂസ്, കുളിമുറി എന്നീ സൗകര്യങ്ങൾ ഉള്ളതുമായ കെട്ടിടമാണ് തൊഴിലാളികൾക്ക് വിഭാവനം ചെയ്തിട്ടുള്ളത്. പുതിയ പ്ലാൻ പ്രകാരം കെട്ടിടങ്ങൾ പുതുക്കി പണിയണമെന്ന് നിർബന്ധിക്കാൻ നിയമപ്രകാരം സാധിക്കുമെന്ന് തോന്നുന്നില്ല.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

സമിതി ആവശ്യപ്പെട്ട അധിക വിവരം

മറുപടിയിൽ പരാമർശിച്ചിട്ടുള്ള പുതിയ പ്ലാൻ, നിയമം എന്നിവ യഥാക്രമം കൃത്യമായി ഏതെന്ന് അറിയിക്കുവാൻ സമിതി നിർദ്ദേശിച്ചു.

സർക്കാർ മറുപടി

ജി.ഒ. (ആർ.റ്റി) 516/94/എൽ.ബി.ആർ. തീയതി, 24-2-1994 എന്ന സർക്കാർ ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള പ്രകാരമാണ് കെട്ടിടങ്ങളുടെ നിലവിലുള്ള പ്ലാൻ അംഗീകരിച്ചിരിക്കുന്നത്. ഇതനുസരിച്ച് 2 മുറികളും അറ്റാച്ച്ഡ് കക്കൂസ്, കുളിമുറി എന്നീ സൗകര്യങ്ങളും ഉള്ള കെട്ടിടമാണ് തൊഴിലാളികൾക്ക് വിഭാവനം ചെയ്തിരിക്കുന്നത്.

(19-12-2005-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(21-12-2005-ലെ സമിതിയോഗം സർക്കാർ മറുപടി അംഗീകരിച്ചു).

ശുപാർശ നമ്പർ 17

വീടുകളുടെ അറ്റകുറ്റപ്പണികൾ യഥാവസരം നടത്തുവാൻ മാനേജ്മെന്റിനെ നിർബന്ധിക്കണമെന്നും തൊഴിലാളികൾ തന്നെ അതുചെയ്യുവാൻ തയ്യാറാകുന്ന പക്ഷം അതിന് അവരെ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

തോട്ടം ഉടമകൾ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യിക്കേണ്ടതുണ്ട്. അതിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അറ്റകുറ്റപ്പണികൾ ആരെക്കൊണ്ട് ചെയ്യിക്കണം എന്നു തീരുമാനിക്കുന്നത് തൊഴിലുടമ ആയതുകൊണ്ട് ഈ കാര്യത്തിൽ ഒരു വ്യവസ്ഥ ചെയ്യുന്നത് യുക്തമല്ല. നിർബന്ധമായും തൊഴിലാളികളെ കൊണ്ട് ടി ജോലികൾ ചെയ്യിക്കണമെങ്കിൽ നിയമവ്യവസ്ഥ ചെയ്യണം.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ

സമിതിയുടെ ശുപാർശ പ്രകാരം തൊഴിലുടമ അറ്റകുറ്റപ്പണികൾ ചെയ്യാതിരുന്നാലും തൊഴിലാളികളെ പ്രസ്തുത പണികൾ ചെയ്യുന്നതിന് അനുവദിക്കാതിരിക്കുന്ന സാഹചര്യം ഉണ്ടായാലും പ്രസ്തുത പണികൾ യഥാസമയം നടത്തുന്നതിന് തടസ്സം ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സർക്കാർ മറുപടി

തൊഴിലാളികളുടെ വാസസ്ഥലങ്ങളിൽ ആവശ്യമായി വരുന്ന അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യിക്കാനായി ബന്ധപ്പെട്ട പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പരിശോധന നടത്തി തൊഴിലുടമകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. തോട്ടം ഉടമകൾ അറ്റകുറ്റപ്പണികൾ ചെയ്യാൻ കൂട്ടാക്കാത്ത സാഹചര്യത്തിൽ തൊഴിലാളികൾക്കു തന്നെ നേരിട്ട് അറ്റകുറ്റപ്പണികൾ ചെയ്യിക്കുന്നതിന് സാദ്ധ്യമാക്കുന്നതിന് പ്ലാന്റേഷൻ ലേബർ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(19-12-2005-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(21-12-2005-ലെ സമിതിയോഗം സർക്കാർ മറുപടി അംഗീകരിച്ചു).

ശുപാർശ നമ്പർ 18, 19

18. സമിതി സന്ദർശിച്ച എല്ലാ തോട്ടങ്ങളിലും തൊഴിലാളികൾ ഏകകണ്ഠമായി പറഞ്ഞ ഒരു പരാതി അവർക്ക് പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഒരു മാനേജ്മെന്റും നൽകുന്നില്ലെന്നാണ്. വണ്ടിപ്പെരിയാറിലെ മഞ്ചുമല എസ്റ്റേറ്റിലെ തൊഴിലാളികൾ താമസിക്കുന്ന പാടികളിൽ കക്കൂസ് ചാക്കുകൊണ്ട് മറച്ചാണ് ഉണ്ടാക്കിയിരുന്നത്. മാത്രമല്ല ഡ്രെയിനേജ് സൗകര്യം ഇല്ലാത്തതുമൂലം അവിടെ പരിസരം മലീമസവുമായിരുന്നു. ഈ സ്ഥിതി തുടരുന്നത് തൊഴിലാളികളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. തൊഴിലാളികളുടെ ആരോഗ്യം പരിഗണിച്ച് എല്ലാ തോട്ടങ്ങളിലും തൊഴിലാളികൾ താമസിക്കുന്ന പാടികളിലും ലയങ്ങളിലും പ്രാഥമികാവശ്യത്തിനായി ഒരു വീടിന് ഒരു കക്കൂസ് എന്ന നിലയിൽ പണിതു നൽകാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പല തോട്ടങ്ങളിലും കക്കൂസുകൾ പാടികളിൽ നിന്നും വളരെ ദൂരെയാണ് നിർമ്മിച്ചുകൊടുത്തിരിക്കുന്നത്. ഇത് വീട്ടിലെ സ്ത്രീജനങ്ങൾക്കും വൃദ്ധജനങ്ങൾക്കും വളരെ അസൗകര്യമുണ്ടാക്കുന്നുണ്ടെന്ന് തൊഴിലാളികൾ സമിതിയിൽ പറഞ്ഞു. കൂടാതെ ചില സമയങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിനും പാമ്പുകടിയേൽക്കുന്നതിനും ഇടവരുത്തുന്നുണ്ട് എന്നും അവർ അറിയിച്ചു.

19. പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് അറ്റാച്ച്ഡ് ആയി കക്കൂസും കുളിമുറിയും പണിയുകയും ഇപ്പോഴുള്ള വീടുകൾക്ക് മതിയായ ഡ്രെയിനേജ് സൗകര്യങ്ങളുള്ള സുരക്ഷിതമായ ലാട്രിൻ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

തൊഴിലാളികൾക്ക് പ്രാഥമിക ആവശ്യത്തിന് ഒരു വീടിന് ഒരു കക്കൂസ് എന്ന ക്രമത്തിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പരിശോധനാ സമയത്ത് ആവശ്യപ്പെടുന്നുണ്ട്. വീഴ്ച വരുത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിച്ചു വരുന്നു.

തൊഴിലാളി ഭവനങ്ങളുടെ നിലവിലുള്ള അംഗീകരിച്ച പ്ളാൻ പ്രകാരം അറ്റാച്ച്ഡ് ആയി കക്കൂസും കുളിമുറിയും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആവശ്യമായത്ര ലാട്രിൻ സൗകര്യം ഇല്ലാത്ത തോട്ടങ്ങളിൽ അവ ചെയ്തു കൊടുക്കുവാൻ തോട്ടമുടമകളെ നിർബന്ധിക്കുന്നുണ്ട്.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്.)

സമിതി ആവശ്യപ്പെട്ട അധിക വിവരം

മറുപടിയിൽ പരാമർശിച്ചിട്ടുള്ള നിയമ നടപടി ഉൾപ്പെടെയുള്ള നടപടികൾ ആധാരമായി ഒരു വിശദമായ കുറിപ്പ് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

സർക്കാർ മറുപടി

തൊഴിലാളികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനായി ഒരു വീടിന് ഒരു കക്കൂസ് എന്ന ക്രമത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ തോട്ടം പരിശോധനാ സമയത്ത് മാനേജ്മെന്റിനോട് നിർദ്ദേശിക്കുന്നുണ്ട്.

തൊഴിലാളി ഭവനങ്ങളുടെ നിലവിലുള്ള അംഗീകരിച്ച പ്ളാൻ പ്രകാരം അറ്റാച്ച്ഡ് ആയി കക്കൂസും കുളിമുറിയും ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആവശ്യമായ ലാട്രിൻ സൗകര്യം ഇല്ലാത്ത തോട്ടങ്ങളിൽ അവ ചെയ്തുകൊടുക്കുവാൻ തോട്ടം ഉടമകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം ചെയ്തു കൊടുക്കാതിരിക്കുന്നത് കേരള പ്ളാന്റേഷൻ ലേബർ റൂൾസ് 1959-ലെ റൂൾ 57(5) ന്റെ ലംഘനമാണെന്നു പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം ചെയ്തു കൊടുക്കുന്നതിൽ വീഴ്ച വരുത്തുന്ന തോട്ടമുടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാറുണ്ടെന്നും അറിയിക്കുന്നു.

(19-12-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത് )

(21-12-2002-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു)

ശുപാർശ നമ്പർ 20

തോട്ടങ്ങളിലെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് വൈദ്യുതി ബോർഡ് ഏറ്റവും മുന്തിയ പരിഗണന നൽകണമെന്നും യുദ്ധകാലാടിസ്ഥാനത്തിൽ എല്ലാ പാടികളും വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് മാനേജ്മെന്റിനെ നിർബ്ബന്ധിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

വൈദ്യുതി ലഭ്യമായ മേഖലകളിൽ എല്ലാ തൊഴിലാളി ഭവനങ്ങളും വൈദ്യുതീകരിക്കുവാൻ മുൻകൈ എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ലേബർ കമ്മീഷണർ നേരിട്ട് ഇപ്രകാരമുള്ള സ്ഥലത്ത് ടാർജറ്റ് നിശ്ചയിച്ചുകൊടുത്തിരുന്നു. അതനുസരിച്ച് തൊഴിലുടമകൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(29-6-2002-ലെ 3304/ഡി2/തൊഴിൽ നമ്പർ കത്ത്)

സമിതി ആവശ്യപ്പെട്ട അധിക വിവരം

ഈ പ്രശ്നം സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് അറിയിക്കുവാൻ സമിതി നിർദ്ദേശിച്ചു.

സർക്കാർ മറുപടി

വൈദ്യുതി ലഭ്യമായ മേഖലകളിൽ എല്ലാ തൊഴിലാളി ഭവനങ്ങളും വൈദ്യുതീകരിക്കുവാൻ ബന്ധപ്പെട്ട മാനേജുമെന്റുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. മുൻഗണന നൽകി വൈദ്യുതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വ്യവസായ/ഊർജ്ജ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(19-12-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത് )

(21-12-2002-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു)

ശുപാർശ 21

സ്ക്കാനിംഗ് ഉൾപ്പെടെ രോഗനിർണ്ണയത്തിനാവശ്യമായി വരുന്ന എല്ലാ പരിശോധനകൾക്കും 'റീ-ഇംപേഴ്സ്മെന്റ്' അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ഈ നിർദ്ദേശം പരിശോധിച്ചു വരുന്നു.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത് )

സമിതി ആവശ്യപ്പെട്ട അധിക വിവരം

ഈ പ്രശ്നം സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് അറിയിക്കുവാൻ സമിതി നിർദ്ദേശിച്ചു.

സർക്കാർ മറുപടി

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സംബന്ധിച്ച പരാതികൾ ലഭിക്കുന്ന മുറയ്ക്ക് പ്ളാന്റേഷൻ ഇൻസ്പെക്ടർമാർ തീർപ്പ് കൽപ്പിച്ച് ഉത്തരവ് നൽകുന്നുണ്ട്. 750 രൂപയിൽ കൂടുതൽ വേതനം ലഭിക്കുന്ന തൊഴിലാളികളെ പ്ളാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും സ്കാനിംഗിനുംകൂടി റീ-ഇംബേഴ്സ്മെന്റ് നൽകുവാൻ കഴിയുന്നതിനുമുള്ള കരട് നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

(19-12-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത് )

(21-12-2002-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു)

ശുപാർശ നമ്പർ 34

ശരിയായ ഗുണമേന്മ ഉറപ്പുവരുത്തിയ ശേഷമേ കമ്പിളികളും മറ്റും വിതരണം നടത്താവൂ എന്ന് സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ മറുപടി

നിലവിലുള്ള വ്യവസ്ഥകൾ ഇതിനുതകുന്നതാണ് പരാതിയുള്ളപക്ഷം അതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത് )

സമിതി ആവശ്യപ്പെട്ട അധിക വിവരം

മറുപടിയിൽ പരാമർശിച്ച പ്രകാരം വ്യവസ്ഥകൾ എല്ലാം പാലിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്താൻ എന്തു സംവിധാനമാണ് നിലവിലുള്ളത് എന്ന് അറിയിക്കുവാൻ സമിതി നിർദ്ദേശിച്ചു.

സർക്കാർ മറുപടി

കമ്പിളികളും മറ്റ് കാലാവസ്ഥ സംരക്ഷണ ഉപാധികളും വിതരണം ചെയ്യുന്നതിന് മുൻപായി ആയതിന്റെ സാമ്പിൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തിയാണ് അതാത് പ്ളാന്റേഷൻ ഇൻസ്പെക്ടർമാരും , ചീഫ് പ്ളാന്റേഷൻ ഇൻസ്പെക്ടറും അതിന് അംഗീകാരം നൽകുന്നത്. ഗുണമേന്മ സംബന്ധിച്ച പരിശോധന കൂടുതൽ കർശനമാക്കുന്നതാണ്.

(19-12-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത് )

(21-12-2002-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു)

ശുപാർശ നമ്പർ 35

തേയില തോട്ടങ്ങളിൽ ഇലനുള്ളുന്ന തൊഴിലാളികൾക്ക് ഓരോരുത്തർക്കും സ്വന്തമായി ഗൗൺ നൽകാൻ ശ്രദ്ധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

തൊഴിലുടമയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനായി പ്ളാന്റേഷൻ ലേബർ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത് )

സമിതി ആവശ്യപ്പെട്ട അധികവിവരം

സമിതിയുടെ ശുപാർശ പ്രകാരം നടപടികൾ എടുക്കുന്നുണ്ടോ എന്നത് സംബന്ധമായി വിശദമായ ഒരു കുറിപ്പ് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

സർക്കാർ മറുപടി

1951-ലെ പ്ളാന്റേഷൻ ലേബർ നിയമത്തിലെ 17-ാം വകുപ്പിലെ വ്യവസ്ഥ പ്രകാരം കേരള പ്ളാന്റേഷൻ ചട്ടങ്ങളിലെ ചട്ടം 70(1)-ൽ തൊഴിലുടമ ഓരോ തൊഴിലാളിക്കും വർഷത്തിലൊരിക്കൽ ചീഫ് ഇൻസ്പെക്ടർ അംഗീകരിച്ച ഒരു കമ്പിളിയോ, കുടയോ, റെയിൻകോട്ടോ, തൊപ്പിയോ നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2500 അടിക്കു മുകളിൽ ജോലി ചെയ്യുന്നവർക്ക് ഒരു എക്സ്ട്രാ കമ്പിളി കൂടി നൽകണം. എല്ലാ തൊഴിലാളികൾക്കും കമ്പിളി നൽകുന്നുണ്ട്. സമുദ്രനിരപ്പിൽ നിന്നും 2500 അടി മുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക്

രണ്ടാമതൊരു കമ്പിളി കൂടി നൽകി വരുന്നുമുണ്ട്. .അത് ഏറ്റവും നല്ല ഗുണനിലവാരത്തിലുള്ളതുതന്നെ ലഭിക്കുന്നു എന്നത് ഉറപ്പാക്കുവാൻ തൊഴിലുടമ നൽകേണ്ട കമ്പിളിയുടെ വിലയായി 110 രൂപ നിശ്ചയിക്കുകയും അതിൽ കൂടുതൽ വിലവരുന്ന പക്ഷം അത് തൊഴിലാളി വഹിക്കുകയും ചെയ്യുകയാണ് പല തോട്ടങ്ങളിലും ചെയ്യുന്നത്. തൊഴിലാളികൾക്ക് നൽകുന്ന കമ്പിളി ഓരോ വർഷവും പ്ളാന്റേഷൻ ഇൻസ്പെക്ടർ പരിശോധിച്ച് ഗുണമേന്മ ഉറപ്പു വരുത്തിയാണ് നൽകുന്നത്.

മേൽപ്പറഞ്ഞ പ്രകാരമുള്ള കമ്പിളി തൊഴിലാളികൾക്ക് പൂർണ്ണമായും നൽകിവരുന്നുണ്ട്.

ഏതെങ്കിലും തോട്ടത്തിൽ തൊഴിലാളികൾക്ക് ചട്ടങ്ങൾ പ്രകാരമുള്ള കമ്പിളിയും മറ്റു കാലാവസ്ഥ സംരക്ഷണ ഉപാധികളും ലഭിക്കുന്നില്ല എങ്കിൽ അപ്രകാരമുള്ള പരാതി അന്വേഷിച്ചു കാലാവസ്ഥ സംരക്ഷണ ഉപാധികൾ പൂർണ്ണമായും നൽകുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാനും നടപടിയെടുക്കുവാനും ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ളാന്റേഷൻസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(19-12-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത് )

(21-12-2002-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു)

## ശുപാർശ നമ്പർ 38

തോട്ടം തൊഴിലാളികളുടെ ഇടയിൽ ഒരു റഫറണ്ടം നടത്തി 15 ശതമാനമെങ്കിലും അംഗസംഖ്യയുള്ള തൊഴിലാളി സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി

ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(29-6-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത് )

## സമിതി ആവശ്യപ്പെട്ട അധികവിവരം

മറുപടിയിൽ പരാമർശിച്ച പ്രകാരം പ്രസ്തുത ബില്ലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് ആരായുവാൻ സമിതി നിർദ്ദേശിച്ചു.

## സർക്കാർ മറുപടി

ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള കരട് ബിൽ ഇപ്പോഴും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(19-12-2002-ലെ 3304/ഡി2/98/തൊഴിൽ നമ്പർ കത്ത്)

(21-12-2002-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു)

## അദ്ധ്യായം IV

## സമിതിയുടെ (2006–2008) പൊതു നിർദ്ദേശങ്ങളും നിഗമനങ്ങളും

സമിതിയുടെ ശുപാർശകളിന്മേൽ നടപടി സ്വീകരിച്ചു വരുന്നുവെന്ന് സർക്കാർ മറുപടി തന്നതിനുശേഷം വർഷങ്ങൾ കഴിഞ്ഞിട്ടും ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് അക്ഷന്തവ്യമായ കാലതാമസം വരുത്തുന്നതായി സമിതി വിലയിരുത്തുന്നു. കേരള പ്ലാന്റേഷൻ ലേബർ റൂൾസ് സംബന്ധിച്ച് സമിതി നിർദ്ദേശങ്ങളും ശുപാർശകളും ഉൾക്കൊള്ളുന്ന നാലാമതു റിപ്പോർട്ട് സമർപ്പിച്ചത് 1997-ലാണ്. അന്നത്തേക്കാൾ ഗുരുതരമായ അവസ്ഥയാണ് ഇന്ന് തോട്ടം തൊഴിലാളി മേഖലയിലുള്ളത്. അടഞ്ഞുകിടക്കുന്ന പലതോട്ടങ്ങളും തുറന്നു പ്രവർത്തിപ്പിക്കുവാൻ നയപരമായ തീരമാനം കൈക്കൊണ്ടിട്ടുള്ള സാഹചര്യത്തിൽ തോട്ടം തൊഴിലാളി നിയമം സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ തൊഴിലാളികളുടെ ചികിത്സാ സൗകര്യങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ, ആനുകൂല്യങ്ങൾ എന്നിവ കൂടി കണക്കിലെടുത്തും ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

ജോസ് തെറ്റയിൽ

ചെയർമാൻ
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,
2007 ജൂലൈ 19.